സാഹിത്യവാരഫലം

1990/02/25 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/02/25-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

രജനീഷ്

1990 ജനവരി 19-ാംനു രജനീഷ് മരിച്ചു. ഒരു തുണിക്കച്ചവടക്കാരന്റെ പന്ത്രണ്ടുമക്കളിൽ ഒരാളായി 1931 ഡിസംബറിൽ ജനിച്ച മോഹൻ ചന്ദ്ര രജനീഷ് യൂണിവേഴ്സിറ്റി ലക്ചററായി. അനേകം പരിവർത്തനങ്ങളിലൂടെ ഭഗവാൻ രജനീഷായി. പിന്നെയും മാറ്റങ്ങളുണ്ടായി. ഒടുവിൽ ഓഷോ രജനീഷായി മരിച്ചു. സുഷുപ്തിയല്ല, ലയമല്ല, യോഗമല്ല, മോക്ഷമല്ല, സമാധിയല്ല, പരിനിർവാണമല്ല വെറും 'കാർഡിയക് അറസ്റ്റ്'. ആദ്ധ്യാത്മിക ലൈംഗികത്വം—Spiritual Sexuality—എന്നൊരു വിചിത്രമായ ആശയം പ്രചരിപ്പിച്ച രജനീഷിന് കോടിക്കണക്കിന് ആരാധകർ ഉണ്ടായി. പക്ഷേ, ജെ. കൃഷ്ണമൂർത്തി അദ്ദേഹത്തെ 'ക്രിമിനൽ'—കുറ്റവാളി—എന്നാണ് വിളിച്ചത്. കൃഷ്ണമൂർത്തിയുടെ വാക്യങ്ങൾ ഇതാ: I have received thousands of letters from all over the world asking why I do not speak out in public against this man. But I will not, as it is not my way. The man is a criminal—"ഈ മനുഷ്യന് എതിരായി എന്തുകൊണ്ട് ഞാൻ പരസ്യമായി പറയുന്നില്ല എന്ന ചോദിച്ചുകൊണ്ട് എനിക്ക് ആയിരക്കണക്കിന് എഴുത്തുകൾ കിട്ടിയിട്ടുണ്ട്. ഞാനത് ചെയ്യുകയില്ല. കാരണം അത് എന്റെ രീതിയല്ല എന്നതാണ്. ഈ മനുഷ്യൻ കുറ്റവാളിയാണ്." രജനീഷിന് കൃഷ്ണമൂർത്തിയെക്കുറിച്ച് നല്ല അഭിപ്രായമില്ല. The man is useless—ആ മനുഷ്യൻ ഗുണമില്ലാത്തവൻ എന്നാണ് രജനീഷ് പറഞ്ഞത്. പക്ഷേ, രണ്ടുപേരും ധിഷണാശാലികളായിരുന്നു എന്നതിൽ ഒരു സംശയവുമില്ല. കൃഷ്ണമൂർത്തിയുടെ എല്ലാ പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. രജനീഷ് അറുന്നൂറിയമ്പതോളം ഗ്രന്ഥങ്ങൾ രചിച്ചു. അവയിൽ കുറഞ്ഞത് ഇരുപതെണ്ണമെങ്കിലും ഞാൻ വായിച്ചിട്ടുണ്ട്. പരകീയങ്ങളായ ആശയങ്ങൾ രജനീഷിന്റെ പുസ്തകങ്ങളിൽ ഉണ്ടെങ്കിലും അവയുടെ പാരായണം അസുലഭാനുഭൂതിക്ക് കാരണമാവും. രജനീഷിന്റെ ചിന്താമണ്ഡലത്തിൽ പ്രവേശിക്കാൻ വായനക്കാർക്ക് കൗതുകമുണ്ടോ? എങ്കിൽ എന്നോടു കൂടിപ്പോരു.

(റഷ്യൻ തത്ത്വചിന്തകൻ) പി. ഡി. ഉസ്പെൻസ്കി (P. D.Ouspensky, 1878–1947) Tertian Organum എന്നൊരു ഉജ്ജ്വലമായ ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഉപനിഷത്തിലെ ശാന്തിമന്ത്രത്തെ അവലംബിച്ചുള്ളതാണത്.

ഓം പൂർണ്ണമദഃ പൂർണമിദം
പൂർണ്ണാത്പൂർണമുദച്യതേ
പൂർണസ്യ പൂർണമാദായ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

എന്ന ശാന്ത്രിമന്ത്രം. (അത് (ബ്രഹ്മം) അനന്തമാണ്. ഇത് (പ്രപഞ്ചം) അനന്തം. അനന്തമായതിൽ നിന്ന് അനന്തമായതു് ഉണ്ടാകുന്നു. അനന്തമായതിൽ നിന്ന് (പ്രപഞ്ചം) അനന്തമായതു് എടുത്താലും അത് അനന്തമായിത്തന്നെ (ബ്രഹ്മം) നില്ല—മാധവാനന്ദന്റെ ഇംഗ്ലീഷ് തർജ്ജമയുടെ ഭാഷാന്തരീകരണം.)



ഷെല്ലി

അദ്ഭുതാവഹമായ മന്ത്രമാണിതെന്നു രജനീഷ് പറയുന്നു. സാധാരണമായ കണക്കിന് (arithmetic) ഇത് എതിരാണ്. നിങ്ങൾ എതെങ്കിലും വസ്തുവിൽ നിന്ന് ചില ഭാഗമെടുത്താൽ മൂലവസ്തുവിൽ കുറവുണ്ടാകും. മുഴുവനമെടുത്താൽ പിന്നൊന്നുമില്ലാതാകും. ഔന്നത്യമാർന്ന ഒരു ഗണിതശാസ്ത്രം സ്പഷ്ടമാക്കിത്തന്നാണ് ഉസ്പെൻസ്കി മനുഷ്യരാശിക്ക് മഹനീയമായ സേവനമനുഷ്ഠിച്ചത്. പൂർണ്ണമായതു് പരിമേയസ്വഭാവമാർന്നതല്ല. പരിമേയമായതിൽ നിന്ന് ഏതെങ്കിലുമെടുത്താൽ അതിനു കുറവ് സംഭവിക്കും. അനന്തമായതിൽ നിന്ന്—അപരിമേയമായതിൽ നിന്ന്—എന്തെടുത്താലും അത് അനന്തമായി അപരിമേയമായിത്തന്നെ വർത്തിക്കും. മാത്രമല്ല അപരിമേയമായതു് എല്ലായിടത്തുമുണ്ട്. അതുകൊണ്ട് അതിൽ നിന്ന് എടുക്കുക എന്നതു് വെറും ആശയം മാത്രമാണ്. സത്യത്തിൽ നിന്ന് ഒന്നും ആരും എടുക്കുന്നില്ല. അത് അതായിത്തന്നെ വർത്തിക്കുന്നു. സാധാരണമായ കണക്കനുസരിച്ച് ഭാഗങ്ങളെയാകെ കൂട്ടുമ്പോഴാണ് പൂർണ്ണതയുണ്ടാകുന്നത്. ഉന്നതമായ ഗണിതശാസ്ത്രമനുസരിച്ച് അത് ശരിയല്ല. ഭാഗങ്ങളുടെ ആകത്തുകയല്ല പൂർണ്ണമായതു്. ഉദാഹരണം നല്ലാം. പനിനീർപ്പൂവിന്റെ ഭംഗി, ഭാഗങ്ങളുടെ ആകത്തുകയാണോ അതു? സാധാരണമായ കണക്കനുസരിച്ച് അതേ എന്നത്തരം. അതീത ഗണിതശാസ്ത്രപ്രകാരം അതു തെറ്റ്. രാസവസ്തുക്കളും ഭൂമിയും വായുവും പൂവിന്റെ മറ്റെല്ലാ ഭാഗങ്ങളും ചേർത്താലും ഭംഗിയുണ്ടാവില്ല. ഉന്നതമൂല്യങ്ങളെക്കുറിച്ചും ഇതുതന്നെയാണ് പറയാനുള്ളതു്. സുന്ദരമായ കാവ്യം വാക്കുകളുടെ സാകല്യമല്ല. ആണെങ്കിൽ വാക്കുകൾ ലയാത്മകമായി ചേർക്കുന്നവരെല്ലാം കാളിദാസനും ഷെയ്ക്സ്പിയറും ഷെല്ലിയും ആകമല്ലോ. ഏതു വൈയാകരണനും കവിയാകമല്ലോ. കവിതയാണ് ആദ്യം വരുന്നതു്; പിന്നീട് വാക്കുകളും. രജനീഷ് പറഞ്ഞ ഈ പരമാർത്ഥം ഇന്നത്തെ കവികളുടെ മുൻപിലല്ല. അവർക്ക് വാക്കുകളാണ് ആദ്യം വരിക. അത് കവിതയല്ലെന്നു പറയുന്നവരെ അവർ ചീത്ത വിളിക്കുന്നു.

ബാലിശം

വടക്കൻ പറവൂരിനടുത്തുള്ള വരാപ്പുഴ എന്ന സ്ഥലത്തു് ഞാൻ കുറെക്കാലം താമസിച്ചിരുന്നു. ഞാൻ താമസിച്ച വീട്ടിന്റെ പേര് പാവന എന്ന്. പാവന വീട്ടിൽ അത്ര പാവനയല്ലാത്ത ഒരു പരിചാരികയുണ്ടായിരുന്നു. അക്കാലത്തു് അതിസുന്ദരനായ ഒരു ഡോക്ടർ വള്ളത്തിൽ കയറിക്കൊണ്ടു പോകുന്ന ചരക്കകളിൽ കിടന്നാശിനി തളിക്കാനായി വന്നെത്തി. അദ്ദേഹം ഞങ്ങളുടെ വീട്ടിൽ പലപ്പോഴും അതിഥിയായി വരുമായിരുന്നു. ഒരു ദിവസം ആ പരിചാരികയ്ക്കു വല്ലാത്ത വയറ്റുവേദനയുണ്ടായി. 'ഡോക്ടർ ഒന്നു പരിശോധിക്ക്' എന്ന എന്റെ പിതാവിന്റെ അപേക്ഷ. അദ്ദേഹം കുഴൽകൊണ്ടു അവളുടെ നെഞ്ചു പരിശോധിച്ചു. അടിവയറ്റിൽ അമർത്തി നോക്കി. നാഡി നോക്കി, മരുന്നെഴുതിത്തന്നിട്ടു പോകുകയും ചെയ്തു. പക്ഷേ, പറവൂരുപോയി മരുന്ന് വാങ്ങേണ്ടി വന്നില്ല. അവളുടെ വേദന ആകൃതി സൗഭഗമാർന്ന ചെറുപ്പക്കാരൻ ഡോക്ടറുടെ സ്പർശം കൊണ്ടുതന്നെ മാറി. പിന്നീട് ക്രൂക്കളും അവൾക്കു വയറ്റുവേദന വന്നു. ഡോക്ടറും അപ്പോഴൊക്കെ വന്നു പരിശോധന നടത്തി. ഒടുവിൽ ഞങ്ങൾക്കൊക്കെ മനസ്സിലായി പരിചാരികയ്ക്ക് വയറ്റുവേദന വരുന്നതിന്റെ ഹേതു. ഡോക്ടർ വന്നില്ലെങ്കിൽ അവൾ സ്ഥലം വിട്ടേനെ എന്നു കണ്ടപ്പോൾ ഞങ്ങൾ ഒരു ബോറനെ മന്ത്രവാദിയായിക്കൊണ്ടുവന്നു. അയാൾ കുറെ അബദ്ധ സംസ്കൃതശ്ലോകങ്ങൾ പറഞ്ഞിട്ട് ഒരു ചെറിയ പൊതി ഉത്തരത്തിൽ വച്ചു. എന്നിട്ട് അവളോട് പറഞ്ഞു: "ഇത് മന്ത്രശക്തിയുള്ള ഒരു ഔഷധമാണ്. ഇതിന്റെ ശക്തികൊണ്ട് കമലത്തിന് ഇനി വയറ്റുവേദനവരില്ല. കമലമോ മറ്റാരെങ്കിലുമോ ഇതു തൊടരുത്. തൊട്ടാൽ തൊട്ടന്നയാളിന് മഹാരോഗം വരും. മരിച്ചു പോകുകയും ചെയ്യും" കമലം അടുക്കളയിലേക്ക് പോയപ്പോൾ അയാൾ ഞങ്ങളെ അറിയിച്ചു: "മുറ്റത്തെ മണ്ണെടുത്തു ഞാൻ പൊതിഞ്ഞുവച്ചിരിക്കുകയാണ് ഈ കള്ളിയെ പറ്റിക്കാൻ." പരിചാരികയ്ക്ക് പിന്നെ വയറ്റുവേദന വന്നിട്ടില്ല. ഡോക്ടർ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം വാങ്ങിപ്പോവുകയും ചെയ്തു.

മണ്ണ് മാന്ത്രികശക്തിയുള്ള ഔഷധമാണെന്നു വേലക്കാരി തെറ്റിദ്ധരിച്ചതുപോലെ മണ്ണിലും കെട്ട തന്റെ രചനകൾ സാഹിത്യമാണെന്നു ആർ. കെ. നാരായൺ തെറ്റിദ്ധരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ആ രചനകൾ ഉത്കൃഷ്ടസാഹിത്യമാണെന്നു സി. അച്യുതക്കുറുപ്പും തെറ്റിദ്ധരിച്ചതിനാലാണല്ലോ ആ ജേണലിസ്റ്റിന്റെ ഒരു വിരസമായ കഥയെ അവലംബിച്ച് അദ്ദേഹം 'കൈ നോക്കുകാരൻ' എന്ന ചെറുകഥ എഴുതിയതു് ദേശാഭിമാനിവാരികയിൽ പരസ്യം ചെയ്യാൻ അത് പത്രാധിപർക്കു നല്കിയതും. കഥ സംഗ്രഹിച്ച പറയേണ്ടതില്ല. അത്രയ്ക്ക് സില്ലി—silly—ആണിത്.

എനിക്കറിയാവുന്ന ഒരാൾക്ക് വൈരൂപ്യത്തിന് ആസ്പദമായ ഭാര്യയുണ്ട്. പക്ഷേ, അയാളുടെ വിചാരം അവൾ ഭൂലോകസുന്ദരിയാണെന്നാണ്. അവളെ വേഷം കെട്ടിച്ച് അയാൾ റോഡിൽ കൊണ്ടിറങ്ങും. വേഷം അവളുടെ വൈരൂപ്യം കൂട്ടിയിരിക്കും. അതൊന്നുമറിയാതെ അവർക്കെതിരേ വരുന്ന ഓരോ പുരുഷനേയും അയാൾ ഇറിച്ചുനോക്കും. 'താൻ എന്റെ ഭാര്യയുടെ സൗന്ദര്യം ആസ്വദിക്കുകയാണ് അല്ലേ' എന്ന മട്ടിൽ. ചിലർ വ്യാമോഹങ്ങളിൽപ്പെട്ടു പോയാൽ മരണം സംഭവിക്കുന്നതുവരെ അവയിൽ നിന്നു രക്ഷ നേടില്ല.

ചോദ്യം, ഉത്തരം

ചോദ്യം: ലോകത്തെ ഏറ്റവും വലിയ ശബ്ദം ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് പൊട്ടിയപ്പോൾ ഉണ്ടായതല്ലേ?

ഉത്തരം: അല്ല. നമ്മൾ വീട്ടിൽ സ്വസ്ഥതയോടെ കിടക്കുമ്പോൾ ഡോർബെൽ കേൾപ്പിക്കുന്ന ശബ്ദമാണ് ഈ ലോകത്തെ ഏറ്റവും ഉച്ചത്തിലുള്ള ശബ്ദം. അതുകൊണ്ടാണ് ചിലർ സംഗീതാത്മകമായ ശബ്ദം കേൾപ്പിക്കുന്ന ബെൽ വീടുകളിൽ ഘടിപ്പിച്ചിട്ടുള്ളത്.

ചോദ്യം: നിങ്ങൾ രാത്രി ഉറങ്ങുമ്പോൾ വയലാർ രാമവർമ്മയെ സ്വപ്നം കണ്ട് 'അയ്യോ എന്നെ അടിക്കാൻ വരുന്നേ' എന്നു വിളിക്കാറുണ്ടോ?

ഉത്തരം: കിനാവു കാണാറില്ല. നിലവിളിക്കാറുമില്ല. ഞാനുറങ്ങുമ്പോൾ വീട്ടിലെത്തിയവർ ഉറക്കെസ്സംസാരിച്ചു നിദ്രാഭംഗം ഉണ്ടാകാറുണ്ട്.

ചോദ്യം: വസ്ത്രങ്ങൾക്കുള്ളിലെ അവയവങ്ങൾ കാണിക്കുന്നവരെക്കുറിച്ചും പാതിരിയുടെ ളോഹ പോലെയുള്ള വസ്ത്രങ്ങൾ ധരിച്ച് ഒരവയവും തങ്ങൾക്കില്ലെന്നു അന്യരെ ധരിപ്പിച്ചു നടക്കുന്നവരെക്കുറിച്ചും നിങ്ങൾ എന്തു പറയുന്നു?

ഉത്തരം: പണ്ട് ഞാൻ മിഡിൽ സ്കൂളിൽ പഠിക്കുന്ന കാലത്തു് മനക്കണക്ക് എന്നൊരു ഏർപ്പാടുണ്ടായിരുന്നു. ആദ്യത്തെ കൂട്ടരുടെ കാര്യത്തിൽ മനക്കണക്കുവേണ്ട. ഉത്തരം അവരുടെ ഉന്നതങ്ങളായ അവയവങ്ങളിലുണ്ട്. രണ്ടാമത്തെ കൂട്ടരുടെ കാര്യത്തിൽ മനക്കണക്കുവേണം. പലപ്പോഴും ഉത്തരം തെറ്റിപ്പോകുകയും ചെയ്യും.

ചോദ്യം: അതിസുന്ദരി 'റിഡിക്കലസ്' ആകുന്നതെപ്പോൾ?

ഉത്തരം: അവൾ ഓടുന്ന ബസ്സിലിരുന്നു ശബ്ദത്തോടെ ഛർദ്ദിക്കുമ്പോൾ.

ചോദ്യം: ദൂരദർശനോട് അപ്രീതി ഉണ്ടാകുന്നത് എപ്പോൾ?

ഉത്തരം: കാണാൻ കൊള്ളാവുന്ന പെൺകുട്ടികളെ ഒന്നിനിമിഷം കാണിച്ചിട്ട് ബാക്കിയുള്ള സമയം മുഴുവൻ അവരുടെ ശബ്ദം മാത്രം കേൾപ്പിക്കുമ്പോൾ.

ചോദ്യം: കവലകളിൽ നിന്ന്, പെണ്ണുങ്ങൾ പോകുമ്പോൾ ചൂളമടിക്കുന്നവരെക്കുറിച്ച് എന്തു പറയുന്നു?

ഉത്തരം: അവർ വിവാഹം കഴിഞ്ഞാൽ ഭാര്യമാരെ ചൂളമടിച്ചു വിളിക്കും.

ചോദ്യം: സ്ത്രീജിതന്മാർ, വേശ്യാലയത്തിൽ പോകുന്നവർ വിവാഹം കഴിഞ്ഞാലോ?

ഉത്തരം: വേശ്യാലമ്പടനായ ഒരു സ്നേഹിതൻ പ്രഥമരാത്രിയിൽ നവവധുവിന് 'ഫോർ അനാസ്' (four annas) എടുത്തുകൊടുത്തിട്ട് ശയനീയത്തിൽ ശയിക്കാൻ തുടങ്ങിയെന്നാണ് ഞാനറിഞ്ഞത്.

പരസ്പരബന്ധം

മലയാളനാട് വാരികയുടെ പത്രാധിപർ എസ്. കെ. നായർക്ക് രണ്ടുകെട്ടുപുസ്തകം കൊണ്ടുകൊടുക്കാൻ ഞാൻ ഒരാളിനെ ഏർപ്പാടുചെയ്തു. വൈകന്നേരം അയാൾ തിരിച്ചു വീട്ടിലെത്തിയപ്പോൾ ഞാൻ ആകാംക്ഷയോടെ ചോദിച്ചു: "പുസ്തകങ്ങൾ എസ്. കെ.യെ ഏല്പിച്ചോ?" അയാളുടെ മറുപടി ഇങ്ങനെ: "ഹോ ആ വീട്ടിൽച്ചെന്നപ്പോൾ ഗേറ്റിൽ ഒരു ഗൂർഖ കാക്കിവേഷത്തിൽ നില്ക്കുന്നു. അകത്തേക്ക് പോകാൻ ശ്രമിച്ച എന്നെ അയാൾ തടഞ്ഞു. എന്തു പറഞ്ഞിട്ടും വിട്ടില്ല. ഇതിനെക്കാൾ പ്രയാസമായിരുന്നു പാലം കടന്നു മുണ്ടയ്ക്കലേക്ക് പോകാൻ. തീവണ്ടി ദൂരെനിന്നുവരുന്നു. ഞാൻ അതു പോകുന്നതു വരെ കാത്തുനിന്നു. പിന്നെ തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് 'വേണാട്ട്' വിടാൻ അരമണിക്കൂർ താമസിച്ചു. എന്തൊരു തിരക്കായിരുന്നെന്നോ, നില്ലാനേ പറ്റിയുള്ളൂ." ക്ഷമ നശിച്ച് ഞാൻ ചോദിച്ചു:"പുസ്തകങ്ങൾ കൊടുത്തോ? അതു പറയു." കൊടുത്തെന്നു സമ്മതിച്ചിട്ട് അയാൾ വീണ്ടും അതുമിതും മൊഴിയാടാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു: "ഭാസ്കരാ ഇങ്ങനെയല്ല കാര്യങ്ങൾ അറിയിക്കേണ്ടതു്. 'ഞാൻ തമ്പാനൂർ തീവണ്ടിയാപ്പീസിലെത്തി. ടിക്കറ്റ് വാങ്ങിച്ചു. ടെയിനിൽ വലിയ തിരക്കായിരുന്നു. കൊല്ലം തീവണ്ടിയാപ്പീസിലിറങ്ങി ശ്രീനാരായണകോളേജിന്റെ അടുത്തെത്തിയപ്പോൾ തീവണ്ടി വരുന്നു. അതു പോകുന്നതു വരെ കാത്തുനിന്നു. എസ്. കെ.യുടെ വീട്ടിന്റെ ഗെയ്റ്റിൽ ഗൂർഖ നില്ലുന്നുണ്ടായിരുന്നു. അയാളെ കാര്യം പറഞ്ഞു മനസ്സിലാക്കി അകത്തുചെന്നു. എസ്. കെ.യെ കണ്ട് പുസ്തകങ്ങൾ കൊടുത്തു' ഇതാണ് പ്രവൃത്തികൾക്ക് അനരൂപമായ 'സീക്വൻസ്'. ഇത് തെറ്റിച്ചാൽ കേൾക്കുന്നവർക്ക് അസ്വസ്ഥതയുണ്ടാകും.

പുസ്തകക്കെട്ടുകൾ കൊണ്ടുപോയ ആളിനു ഞാൻ പറഞ്ഞുകൊടുത്ത 'ആഖ്യാന രഹസ്യം' കലാകൗമുദിയിൽ 'അബ്ബാമന്റെ വരവ്' എന്ന കഥയെഴുതിയ പി. എഫ്. മാത്യൂസിനും സ്വീകരിക്കാവുന്നതാണ്. ആ സീക്വെൻസ് ആഖ്യാനത്തിൽ ഇല്ലാത്തതുകൊണ്ട് എനിക്ക് അദ്ദേഹത്തിന്റെ കഥ രണ്ടുതവണ വായിച്ചിട്ടും മനസ്സിലായില്ല.

എരുമക്കരച്ചിൽ

എൻ. കൃഷ്ണപിള്ള

രണ്ട് സംഭവങ്ങൾ എനിക്കോർമ്മയിലെത്തി ഡി. വിനയചന്ദ്രന്റെ ചില അഭിപ്രായങ്ങൾ കുങ്കുമം വാരികയിൽ കണ്ടപ്പോൾ. പ്രഫെസർ എൻ. കൃഷ്ണപിള്ള യൂണിവേഴ്സിറ്റി കോളേജിൽ ജോലിയായിരിക്കുന്ന കാലം. അധ്യാപകരായ ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തിരുന്നു സംസാരിക്കുന്നു. "ഇംഗ്ലീഷ് പഠിപ്പിക്കുന്നവർക്ക് മലയാളാധ്യാപകരെ വലിയ പുച്ഛമാണ് സാർ" എന്ന ഞാൻ പറഞ്ഞു. സാറിന്റെ മറുപടി ഉടനെ ഉണ്ടായി: "നമുക്ക് അവരോടുള്ള പുച്ഛത്തിൽ കൂടുതലല്ല അവർക്ക് നമ്മളോടുള്ള പുച്ഛം."

പേരുകൾ പറയുന്നതു ശരിയല്ല. 'എ' എന്ന സാഹിത്യകാരൻ 'ബി' എന്ന വിമർശകനുമായി വാദപ്രതിവാദത്തിലേർപ്പെട്ടു. ആശയവിമർശനം എന്ന നിലവിട്ട് വ്യക്തിഗതങ്ങളായ ശകാരങ്ങളിലേക്ക് അത് എത്തിയപ്പോൾ 'ബി' പറഞ്ഞു: "നിങ്ങളെ ഞാൻ പുല്ലുപോലെയാണ് കരുതുന്നതു്." അപ്പോൾ സംസ്കാരം കൂടിയ 'എ' മറുപടി നല്കി: 'നിങ്ങളുടെ എല്ലാ അഭിപ്രായങ്ങൾക്കും പുല്ലിന്റെ വിലപോലും ഞാൻ കല്പിക്കുന്നില്ല."

ഇനി വിനയചന്ദ്രന്റെ ഒരഭിപ്രായം കേൾക്കുക: "ആയുസ്സിൽ പദ്യം മാത്രം എഴുതിയിട്ടുള്ള ചില ആളുകളെ കവികൾ എന്ന നാം തെറ്റിദ്ധരിച്ചിട്ടുണ്ട്. പുത്തൻകാവ് മാത്തൻ തരകൻ, എം. പി. അപ്പൻ, നാലാങ്കൽ കൃഷ്ണപിള്ള, കെ. വി. രാമകൃഷ്ണൻ—ആയുസ്സിൽ ഒരുവരി കവിതപോലും എഴുതാതെ പദ്യം മാത്രം എഴുതിയവർ" (പുറം 27. കോളം 3) വിനയചന്ദ്രന് ഈ കവികളോട് വല്ലാത്ത പുച്ഛം. പക്ഷേ, അവർക്ക് വിനയചന്ദ്രനോടുള്ള പുച്ഛത്തെക്കാൾ വലുതല്ല അദ്ദേഹത്തിന് അവരോടുള്ള പുച്ഛം. അവർ മാത്രമല്ല, കേരളത്തിലെ സഹൃദയരും അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തിന് പുല്ലിന്റെ വിലപോലും കല്പിക്കുന്നില്ല. വിനയചന്ദ്രന്റെ 'വിനയചന്ദ്രിക', 'കായിക്കരയിൽ' എന്നീ കാവ്യങ്ങൾ നല്ല കാവ്യങ്ങളാണ്. ശേഷമുള്ളവയെല്ലാം ചവറുകൾ. ആ ചവറുകൾ വാരിയെറിയുന്ന വിനയചന്ദ്രനാണ് ഈ കവികളെ പുച്ഛിക്കുന്നതു്. അദ്ദേഹം എഴുതിയ കാവ്യങ്ങളെക്കാൾ എത്രയോ ഉത്കൃഷ്ടങ്ങളായ കാവ്യങ്ങൾ അവർ രചിച്ചിട്ടുണ്ട് എന്ന പരമാർത്ഥം ആർക്കാണറിഞ്ഞു കൂടാത്തതു്.

ഡംഭിന്റെ കൊടുമുടിയിൽ കയറിയിരുന്ന വിനയചന്ദ്രൻ പാവപ്പെട്ട നമ്മുടെ ഈസ് തെറ്റിക് ഡിജസ്ച്ചനവേണ്ടി (aesthetic digestion) താഴോട്ടു ഉരുട്ടിത്തരുന്ന അഭിപ്രായഭക്ഷകബലം[1] കണ്ടാലും:

"അയ്യപ്പപണിക്കർ, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട്, സി. എൻ. ശ്രീകണ്ഠൻ നായർ, മാധവിക്കുട്ടി, ഒ. വി. വിജയൻ, സക്കറിയ—ഞങ്ങൾ സഹോദര കവികളാണെന്നു വിശ്വസിക്കുന്നു."

1. അഭിപ്രായമാകുന്ന ചോറിന്റെ ഉരുള.

എത്ര അനായാസമായിട്ടാണ് വിനയചന്ദ്രൻ മാധവിക്കുട്ടിയുടെയും ഒ. വി. വിജയന്റെയും കൂടെ തന്നെക്കൂടെ പ്രതിഷ്ഠിക്കുന്നതു്. മാധവിക്കുട്ടിയും ഒ. വി. വിജയനുമെവിടെ? വിനയചന്ദ്രനെവിടെ? നക്ഷത്രമെവിടെ? പുല്ലൊടിയെവിടെ? പണ്ട് ഞാൻ ആലപ്പുഴെ താമസിക്കുന്ന കാലം. എന്റെ വീട്ടിനടുത്തുള്ള ഒരു മരപ്പാലത്തിന്റെ ഒരു വശം ഇടിഞ്ഞുതാണു. അതുപൊക്കി ഉറപ്പിക്കാനായി ഒരു പിടിയാനയെ കൊണ്ടുവന്നു നാട്ടുകാർ. ആന പാലത്തിന്റെ താഴെ നിന്നുകൊണ്ട് പാലംപൊക്കുകയായിരുന്നു. അപ്പോൾ പിടിയാനയുടെ വാല് തുടങ്ങുന്നതിന്റെ കീഴ്ഭഗത്തു് ഒരിച്ച പറന്നുവന്നു ഇരുന്നു. ആന പാലം പൊക്കി. നാട്ടുകാർ കുറ്റികളടിച്ച് അത് ഉറപ്പിച്ചു. ആന പോകാൻ ഭാവിച്ചപ്പോൾ ഈച്ച അതിരുന്നിടത്തുനിന്ന് മനസ്സില്ലാ മനസ്സോടെ എഴുന്നേറ്റുപറന്ന് ആനയുടെ ചെവിക്കടുത്തുവന്നു പറയുന്നതു് ഞാൻ കേട്ടു: "നമ്മൾ രണ്ടുപേരും കൂടെയാണ് ഈ പാലം പൊക്കിയതു്. നിങ്ങൾ മാത്രമായിരുന്നെങ്കിൽ പാലം പൊക്കാൻ കഴിയില്ലായിരുന്നു". ആന ഇതുകേട്ട് പുച്ഛിച്ചു ഈച്ചയെ കോങ്കണ്ണുകൊണ്ടു നോക്കി. ഈച്ച തിരിച്ചു പറന്ന് പഴയ മൃദുല സ്ഥാനത്തു് വന്നിരിപ്പായി. വിനയചന്ദ്രന്റെ ഈ സമീകരിക്കൽ ഈച്ചയുടെ സമീകരണം പോലെയാണ്.

"പരാപരാത്മൻ ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മു
ചരാചരപ്രേമജ്ഞനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ"

എന്ന സപ്രീം പൊയറ്റിക് അറ്റൻസ് നിർവഹിച്ച മഹാകവി ഉള്ളൂരിനെ വെറും അദ്ധ്വാനിയായി കാണുന്ന വിനയചന്ദ്രൻ കവികളെക്കുറിച്ച് പറയുമ്പോൾ ഒ. എൻ. വി. കുറുപ്പിനെയും സുഗതകമാരിയേയും വിട്ടുകളഞ്ഞതിന്റെ രഹസ്യം പരസ്യമായിപ്പോയല്ലോ. ഗോപുരാഗ്രത്തിൽ ചെന്നിരിക്കുന്ന കാക്കയെ പിന്നിലുള്ളവർ താഴെയുള്ളതെല്ലാം കാണാം. ഭൂമിയിൽ നില്ലുന്നവന്—ഇങ്ങു താഴെ നില്ലുന്നവന്—ഗോപുരത്തിന്റെ അഗ്രത്തുള്ളവയിൽ ഒന്നുപോലും കാണാനാവില്ല എന്നും കൂടി ഇവിടെ പറയേണ്ടതുണ്ട്.

ഉള്ളൂരിനെ മാത്രമല്ല എൻ. വി. കൃഷ്ണവാരിയരെയും അദ്ധ്വാനിയാക്കിയിട്ടേ വിനയചന്ദ്രൻ പിന്മാറുന്നുള്ളു. അദ്ദേഹം മൊഴിയാട്ടുന്നു: "എൻ. വി.യും എം. ടി.യും അമേരിക്കയിൽ പോയ ഓരോ അനുഭവകഥകൾ എഴുതിയിട്ടുണ്ട്. അത് താരതമ്യം ചെയ്യുവായിച്ചാൽ എൻ. വി. അദ്ധ്വാനിയാണെന്നും എം. ടി. കവിയാണെന്നും മനസ്സിലാക്കാം". (പുറം 28. കോളം 1) മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായ എം. ടി. വാസുദേവൻ നായരെ കവിയായിക്കാണുന്ന ഈ കാഴ്ച അസ്സലായിട്ടുണ്ട്. എം. ടി. പത്രാധിപരാകുന്നതിനു മുൻപ് എന്തേ ഇത് കണ്ടില്ല വിനയചന്ദ്രൻ?

ഷെരീഫ് പെരക്

ഏതിനും യഥാർത്ഥ സംഭവങ്ങൾ വലിച്ചിഴയ്ക്കുന്ന എന്റെ കൊള്ളരുതായ്മ പ്രിയപ്പെട്ട വായനക്കാർ പൊറുക്കണം. എൻ. ഗോപാലപിള്ളസ്സാർ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഒരു സമ്മേളനത്തിൽ ഒരു സ്ത്രീ പ്രസംഗിക്കാനെണീറ്റിരുന്നു. അവർ സാറിനെ വല്ലാതെ കളിയാക്കി. ഉപസംഹാരപ്രഭാഷണത്തിൽ ഗോപാലപിള്ളസ്സാറ് പുഞ്ചിരിപൊഴിച്ചു കൊണ്ടു പറഞ്ഞു: "ശ്രീമതി ... ലോകത്തുള്ള എല്ലാറ്റിനേയും കാച്ചി. ഒടുവിൽ വയസ്സനായ എന്നെയും ഒന്ന കാച്ചി". (ഈ സ്ത്രീ ഇപ്പോൾ ഇവിടെയെങ്ങുമില്ല. വടക്കേയിന്ത്യയിലെവിടെയോ ആണ്) വിനയചന്ദ്രൻ എല്ലാവരേയും കാച്ചിക്കാച്ചി പാവപ്പെട്ട എന്നെയും ഒന്നു കാച്ചി. എന്റെ സാഹിത്യവാരഫലം ദോഷം ചെയ്യുമത്രേ. എന്റെ ലേഖനങ്ങൾ സ്റ്റണ്ടുകളാണത്രേ. പടിഞ്ഞാറൻ സാഹിത്യത്തിലെ മാസ്റ്റർ പീസുകളെ അവതരിപ്പിക്കുകയും നല്ല രചനകളെ നന്നെന്നു പറയുകയും (ഞാൻ വിനയചന്ദ്രന്റെ രണ്ടു കാവ്യങ്ങൾ നന്നെന്നു പറഞ്ഞിട്ടുണ്ട് എന്ന് മുൻപ് എഴുതിയല്ലോ) ചെയ്യുന്ന ഈ പംക്തി എങ്ങനെയാണ് ദോഷം ചെയ്യുന്നതു? ഷെരീഫ് പെരക്കിനെ പോലുള്ള പ്രതിഭാശാലികളെക്കുറിച്ച് മാതൃഭൂമി തുടങ്ങിയ വാരികകളിൽ ഞാനെഴുതുന്ന ലേഖനങ്ങൾ സ്റ്റണ്ടുകളാവുന്നതെങ്ങനെ? വായനക്കാരുടെ തീരുമാനത്തിനായി ഞാൻ അവ വിടുന്നു. വിനയചന്ദ്രന് മറുപടി പറയുന്നില്ല.

"കവിത ഉറക്കെച്ചൊല്ലുന്നതു് പാപമല്ല" എന്ന വിനയചന്ദ്രന്റെ അഭിപ്രായത്തെക്കുറിച്ച് രണ്ടുവാക്കുകൂടി. കട്ടിക്കുഷ്മാരാർ പണ്ട് പറഞ്ഞപോലെ ഭൂമിശാസ്ത്രം. രാജ്യഭരണം ഈ പാഠപുസ്തകങ്ങളിലെ ശ്രുഷ്യവാക്യങ്ങൾ പാടാനറിയാവുന്നവർ ചൊല്ലിയാൽ ചങ്ങമ്പുഴക്കവിത, ചൊല്ലാനറിയാത്തവർ ചൊല്ലിയാൽ എരുമക്കരച്ചിൽ പോലെയാകും. ഈ കേരളത്തിൽ രണ്ടുപേരേ കവിതകളെ ചൊല്ലലിലൂടെ എരുമക്കരച്ചിലാക്കുന്നുള്ളു. ഒരാൾ സാഹിത്യവാരഫലക്കാരൻ എം. കൃഷ്ണൻ നായർ രണ്ടാമത്തെയാൾ ഡി. വിനയചന്ദ്രൻ.

ഇനിപ്പറയുന്നതു് അഗ്രഖണ്ഡമോ പുച്ഛഖണ്ഡമോ (tail-piece) ആകാം. കെ. വി. രാമകൃഷ്ണൻ എന്ന കവി മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഉപപത്രാധിപരാണ്. അദ്ദേഹമാണ് പ്രസിദ്ധപ്പെടുത്താനുള്ള കാവ്യങ്ങൾ തിരഞ്ഞെടുക്കുന്നതു്. ഞാൻ സാഹിത്യ അക്കാഡമിയുടെ നിർവാഹക സമിതിയിലെ അംഗമാണ്. നിർവാഹകസമിതിയാണ് ഇക്കൊല്ലത്തെ കവിതയ്ക്കുള്ള സമ്മാനം സച്ചിദാനന്ദന് കൊടുത്തതു്. സച്ചിദാനന്ദൻ വിനയചന്ദ്രനെ അപേക്ഷിച്ച് വലിയ കവിയാണ്. ഈ ടെയിൽ പീസിൽ ഒരു ദുസ്സൂചനയുമില്ല. (insinuation)

കേമീലോ ഹോസേ തേലാ

"അപമാനനങ്ങൾക്ക് നേരെപ്പോഴ്ക്കൾ കൊണ്ടല്ലേ ഉത്തരം പറയേണ്ടതു്"—1989-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ കേമീലോ ഹോസേ തേലായുടെ (Camilo José Cela) "പാസ്ക്വൽ ദുആർത്തെയുടെ കുടുംബം" (The Family of Pascual Duarte) എന്ന നോവലിൽ നിന്ന്. Little, Brown and Company, Boston. Translated by Anthony Kerrigan, P. 75. Price $ 7=95 Rs 141=50.

തേലയുടെ നോവൽ



തേലയുടെ "പാസ്ക്വാൽ ദു ആർതെയുടെ കുടുംബം" എന്ന നോവൽ സ്പെയിനിൽ tremendista എന്നൊരു നൂതന പ്രസ്ഥാനം ഉദ്ഘാടനം ചെയ്യുവെന്നു Martin Seymour Smith പറയുന്നു. (Guide to Modern World Literature—1973-ലെ പ്രസാധനം. പുറം 1000) ഈ പ്രസ്ഥാനത്തിൽപ്പെട്ട നോവൽ വായനക്കാരനുണ്ടാക്കുന്ന ഭീതി tremendous ആയതുകൊണ്ടാണ് ആ പേരുണ്ടായതു്. കുറ്റസമ്മതത്തിന്റെ രീതിയിൽ രചിക്കപ്പെട്ട ഈ നോവൽ വായിച്ചാൽ അതിലെ ഭയങ്കരത്വം കണ്ട് നമ്മൾ ഞെട്ടും. ഗോൺതാലത്ത് എന്ന ജന്മിയെ കൊന്നതിന് വധശിക്ഷ കിട്ടിയ പാസ്ക്വാൽ ജയിലിൽ കിടക്കുന്ന വേളയിൽ എഴുതിയ 'കുറ്റസമ്മത'ത്തിലൂടെ അയാളുടെ ജീവിതസംഭവങ്ങൾ ചുറ്റഴിയുന്നു. പാസ്ക്വാൽ മദ്യപന്റെ മകനാണ്. അയാൾ പേപ്പട്ടി കടിച്ച് മരിച്ചു. ആ മരണം ഉണ്ടായതിനുതൊട്ടു മുൻപാണ് പാസ്ക്വലിന്റെ അമ്മ മാറിയോ എന്ന മരത്തലയന് ജന്മം നല്കിയതു്. അവളാകട്ടെ ദുഷ്ടയും. എല്ലാവരേയും കടിക്കാൻ ശ്രമിക്കുകയും സിംഹത്തെപ്പോലെ ഗർജ്ജിക്കുകയും മുറിയുടെ വാതിൽ ചവിട്ടിപ്പൊളിക്കുകയും ചെയ്തു തന്ന മരിച്ചപ്പോൾ പാസ്ക്വാലിന് ദുഃഖമുണ്ടായി. പക്ഷേ അയാളുടെ അമ്മ കരയുന്നതിനുപകരം ചിരിച്ചു. അമ്മയ്ക്ക് (നോവലിൽ അവൾക്ക് പേരില്ല) റഫീയലിൽ എന്നൊരുത്തനോട് ലൈംഗികബന്ധമുണ്ട്. മാറിയോയുടെ ഒരു ചെവി പന്നി കടിച്ചുമുറിച്ചിരുന്നു. അച്ഛൻ മറ്റുള്ളവരെ കടിക്കാൻ ശ്രമിച്ചത് അറിഞ്ഞിട്ടാവാം അവൻ റഫീയലിനെ കടിച്ചു. റഫീയൽ അവന്റെ ചെവിയില്ലാത്ത ഭാഗത്തു് ആഞ്ഞൊരു ചവിട്ടുകൊടുത്തു. മാറിയോ ബോധശൂന്യനാവുകയും ചെയ്തു. ആ ക്രൂരകൃത്യം കണ്ട് അമ്മ ചിരിച്ചതേയുള്ളു. അതോടെ പാസ്ക്വാൽ അമ്മയെ വെറുത്തു. (for there is a no deeper hatred than blood hatred, hatred for one's own blood. P. 47) മാറിയോ കുറെ മാസങ്ങൾ കഴിഞ്ഞു മരിച്ചു. അപ്പോഴും അമ്മ കരഞ്ഞില്ല. പാസ്ക്വാലിന്റെ 'രക്തവിദ്വേഷം' അതോടെ തീക്ഷ്ണമായി. ഈ വിദ്വേഷത്തിന്റെ ജ്വാലകളാണ് നോവലിലാകെ. വിശദാംശങ്ങളിലേക്ക് പോകാൻ ഇവിടെ സ്ഥലമില്ല. അതുകൊണ്ട് ഇനിയുള്ള കഥാഭാഗം ഏതാനും വാക്യങ്ങളിൽ ഞാനൊതുക്കാം. ലോല എന്ന ചെറുപ്പക്കാരിയെ ഗർഭിണിയാക്കിയിട്ട് പാസ്ക്വാൽ അവളെ വിവാഹം കഴിച്ചു. മധുവിധുവിനു ശേഷം പെൺകുതിരയിൽ കയറിവന്ന ലോലയെ ആ മൃഗം തള്ളിത്താഴെയിട്ടു. കോപാവേശനായി പാസ്ക്വാൽ അതിനെ കത്തിക്കൊന്നു. രണ്ടുകൊല്ലം നാട്ടുവിട്ടു നിന്നതിനശേഷം തിരിച്ചെത്തിയ പാസ്ക്വാൽ, തന്റെ ഭാര്യ 'സ്ടെച്ച്' എന്ന വട്ടപ്പേരുള്ള ഒരുത്തനാൽ ഗർഭിണിയാക്കപ്പെട്ടതായി കണ്ടു. അവൾ പാപമേറ്റു പറഞ്ഞിട്ട് മരിച്ചു. സ്ടെച്ച് പാസ്ക്വാലിന്റെ സഹോദരിയുടെയും കാമുകനാണ്. കാമുകിയെ അന്വേഷിച്ച് പട്ടണത്തിലെത്തിയ അയാളെ പാസ്ക്വാൽ യാദൃച്ഛികമായി കൊന്നു. മൂന്നുകൊല്ലം കാരാഗൃഹത്തിൽ കിടന്നതിനുശേഷം നാട്ടിലെത്തിയ അയാൾ വിവാഹം കഴിച്ചു. വീട്ടിൽ അവളുമായി കഴിഞ്ഞു കൂടുമ്പോൾ പാസ്ക്വാൽ അമ്മയുമായി ശണ്ഠകൂടി. അമ്മ അവന്റെ ഇടത്തേ മുലക്കണ്ണുകടിച്ചു പറിച്ചു. അപ്പോൾ അവൻ അമ്മയുടെ കഴുത്തിൽ കത്തി കുത്തിത്താഴ്ത്തി. (She scratched me. She kicked me. She hit me and bit me. Suddenly her mouth found my nipple, my left nipple, and tore it away. That was the moment I sank the blade into her throat. P. 157) അമ്മയുടെ രക്തം ആട്ടിൻ കുട്ടിയുടെ രക്തം പോലെയാണ് അവൻ രുചിച്ചതു്. നോവൽ അവസാനിക്കുന്നു: I ran and ran without stopping, for a long time, for hours on end. The countryside was fresh-smelling, cool and a Sensation of great peace welled in my veins I could breathe...

ഭയം, കുറ്റബോധം, ഇച്ഛാശക്തിയില്ലായ്മ ഇവയുടെ മനഃശാസ്ത്രത്തെക്കുറിച്ചുള്ള പഠനമാണ് ഈ നോവലെന്നു ഇതിന് അവതാരികയെഴുതിയ തർജ്ജമക്കാരൻ ആന്തണി കെറിഗൻ പറയുന്നു. തേല ശൂന്യതാവാദിയാണെന്നും ആധ്യാത്മികത്വത്തിന്റെ ശൂന്യതയെയാണ് അദ്ദേഹം ആവിഷ്കരിക്കുന്നതെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. ഈ നോവൽ പ്രസാധനം ചെയ്ത 1942-ൽ തന്നെയാണ് ക്യൂവിന്റെ The Outsider (അമേരിക്കയിൽ The Stranger എന്ന പേരിൽ) എന്ന നോവലും പ്രസിദ്ധപ്പെടുത്തിയതു്. "അന്യനി"ലെ പ്രധാന കഥാപാത്രം ഒരറബിയെ യാദൃച്ഛികമായി കൊല്ലുന്നതു പോലെ പാസ്ക്വാലും ഭാര്യ കാമുകനെ യാദൃച്ഛികമായി കൊല്ലുന്നു. രണ്ടുപേരും ഇച്ഛാശക്തിയെ ഇല്ലാതാക്കി പ്രവർത്തിക്കുന്നു.

കെരിഗന്റെ പാണ്ഡിത്യവും നിരൂപണപാടവവും എനിക്കില്ല. എങ്കിലും നോവലിന്റെ അവസാനത്തിൽ, പാസ്ക്വാലിന്റെ മരണം കണ്ട ഒരു പാതിരിയുടെ രണ്ടെഴുത്തുകൾ ചേർത്തിട്ടുള്ളതു് വായിച്ചപ്പോൾ കെറിഗനോട് എനിക്ക് യോജിക്കാൻ കഴിഞ്ഞില്ല. "when the depths of his soul were probed it was easy to discover that he was more like a poor tame lamb, terrified and cornered by life" അമ്മയുടെ രക്തത്തിൽ മുങ്ങി പാപം കഴുകിക്കളയുന്നവനാണ് പാസ്ക്വാൽ. തേല ക്രിസ്തുമത സംബന്ധിയായ പാപമോചനമാണ് ധ്വനിപ്പിക്കുന്നതു്. എന്തായാലും അസാധാരണമായ നോവലാണ് തേലയുടേതു്. പ്രതിഭയുടെ ഉജ്ജ്വലത ഇതിലെവിടെയും ദൃശ്യമാണ്.

ആലോചനാമൃതം

പേരുകേട്ട എഴുത്തുകാരൻ കല്ലട രാമചന്ദ്രന്റെ പത്രാധിപത്യത്തിൽ പ്രസാധനം ചെയ്യുന്ന 'കാഴ്ചപ്പാട്' എന്ന മാസികയുടെ രണ്ടാം ലക്കത്തിൽ പി. സുരേന്ദ്രന്റെ 'ഭൂമാതാവ്' എന്ന കഥയെക്കുറിച്ച് കാക്കനാടൻ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. അത് ഉദ്ധരിക്കട്ടേ:

> "മീനാക്ഷിപുരത്തെ വരണ്ട ഭൂമിയിൽ ഒരിത്തിരി പച്ചത്തലപ്പ തേടുന്ന, പച്ചയുടെ സമൃദ്ധി നിറഞ്ഞ തന്റെ ബാല്യത്തിന്റെ ഓർമ്മയിൽ ഉഴലുന്ന, പച്ചത്തഴപ്പില്ലാതെ ഒന്നും എഴുതാൻ കഴിയാത്ത എഴുത്തുകാരൻ, അവന്റെ ഗവേഷകയായ കൂട്ടുകാരി മാർഗ്രറ്റ്, അവരുടെ സ്നേഹത്തിൽ കതിർന്ന വാഗ്ദാദങ്ങൾ അവന് പച്ച കൂടിയേ തീരൂ. ഒടുവിൽ അവൻ ഒരു ചട്ടിയിൽ മണ്ണനിറച്ച്, വിത്തിട്ട്, വിലയ്ക്കു വാങ്ങിയ വെള്ളമൊഴിച്ച് കാത്തിരിക്കുന്നു. വിത്ത് മുളയ്ക്കുന്നില്ല. സ്ത്രീ കൂടി മനസ്സവച്ചെങ്കിലേ വിത്ത് മുളയ്ക്കു എന്ന് മാർഗ്രറ്റ്.
>
> ഒരിക്കൽ അവൾ എവിടെയോ നിന്ന് ഉടഞ്ഞ, പുരാതനമായ, വികൃതമായ ഒരു മാരിയമ്മൻ വിഗ്രഹം തപ്പിയെടുത്തുകൊണ്ടു വന്നു. ഉള്ളിൽ വയ്ക്കാൻ അഴകില്ലെന്ന അവന് തോന്നിയതുകൊണ്ട് അവർ അതും മൺചട്ടിയിൽ നിക്ഷേപിച്ചു. അത്ഭുതമെന്നേ പറയേണ്ടു, വിത്ത് മുളയ്ക്കാൻ തുടങ്ങി.
>
> ഒട്ടേറെ മാനങ്ങളുള്ള, ഒട്ടേറെ അർത്ഥവ്യാപ്തിയുള്ള ശക്തമായ ഒരു പ്രതീകാത്മക കഥയാണ് കൃതഹസ്തനായ പി. സുരേന്ദ്രന്റെ ഭൂമാതാവ്."

തികച്ചും വിരസമായ ഇക്കഥ വായിച്ചപ്പോൾ എനിക്കോർമ്മവന്നതു് Wallace Stevens എന്ന 'സെറിബ്രൽ പൊയിറ്റി'ന്റെ (മസ്തിഷ്ക സംബന്ധികളായ കാവ്യങ്ങൾ രചിക്കുന്ന കവി)

I placed a jar in Tennessee
And round it was, upon a hill,
It made the slovenly wilderness
Surrounded that hill.

The wilderness rose up to it.
And sprawled around, no longer wild.
The Jar was round upon the ground
And tall and of a port in air

It took dominion everywhere.
The Jar was gray and bare.
It did not give of bird or brush,
like nothing else in Tennessee

ഈ കാവ്യത്തിന്റെ വിശദീകരണമോ വിവൃതിയോയാണ് സുരേന്ദ്രന്റെ കഥയെന്നു എനിക്ക് വിചാരമില്ല. ഒരു ദുസ്സൂചനയും ഇവിടില്ലതാനും. അമേരിക്കൻ കവിയുടെ ദുർഗ്രഹമായ 'സ്വകീയ സിംബലിസം' കഥയിലും കാണുന്നവെന്നേ കരുതുന്നുള്ളൂ. മാരിയമ്മൻ വിഗ്രഹം വച്ച മൺചട്ടി പരിതഃസ്ഥിതിക്ക് സർഗ്ഗാത്മകത്വം നല്കിയ പോലെ അമേരിക്കൻ കവിയുടെ ഭരണി പരിതഃസ്ഥിതിക്ക് സർഗ്ഗാത്മകത്വം നല്കുന്നതു് ആലോചനാമൃതമായിരിക്കുന്നു.

ഒരു നിരീക്ഷണത്തിലൂടെയാവട്ടെ ഈ ലേഖനത്തിന്റെ പര്യവസാനം. ഭീഷ്മർ മരിക്കാറായപ്പോൾ വെള്ളം വേണമെന്നു പറഞ്ഞു. ക്ഷത്രിയന്മാർ വിശിഷ്ടഭോജ്യങ്ങളും പാനീയങ്ങളും കൊണ്ടുവന്നപ്പോൾ അദ്ദേഹം അവ നിരസിച്ചു. 'അർജ്ജുനൻ എവിടെ?' എന്നായിരുന്നു ഭീഷ്മരുടെ ചോദ്യം. അർജ്ജുനൻ എത്തിയപ്പോൾ അദ്ദേഹം ജലം ആവശ്യപ്പെട്ടു. അർജ്ജുനൻ പർജ്ജന്യാസ്ത്രം പ്രയോഗിച്ച് ഭൂമി പിളർന്നു. അതിൽ നിന്ന് ശുദ്ധമായ ജലം ഉയർന്നു. ഭീഷ്മർ അത് കുടിച്ച് സംതൃപ്തനായി. യഥാർത്ഥസഹൃദയന് ക്ഷുദ്രങ്ങളായ കൃതികൾ വേണ്ട. സഹജാവബോധംകൊണ്ട് പ്രതിഭാശാലി കലയുടെ ശുദ്ധജലം ഉയർത്തുമ്പോൾ അയാളതു കുടിക്കും. സഹജാവബോധത്തിന്റെ അസ്ത്രം പ്രയോഗിക്കുന്ന അർജ്ജുനന്മാർ വളരെയില്ല.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.